ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

## الأحقاف

### സൂക്തം 15-16

കുടുംബ വ്യവസ്ഥയുടെ അടിത്തറയാണ് മാതാപിതാക്കൾ. അവരിൽനിന്നാണ് കുടുംബവും സമുദായവും മാനവികതയും വികസിച്ചു വരുന്നത്. കുടുംബ ബന്ധത്തിന്റെ മാത്രമല്ല, സംസ്കാരത്തിന്റെയും ധർമത്തിന്റെയും സദാചാരത്തിന്റെയുമെല്ലാം പ്രാഥമിക സ്രോതസ്സും മാതാപിതാക്കളാണ്.

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ إِحْسَٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ وَفِصَٰلُهُۥ ثَلَٰثُونَ
شَهْرًا ۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ
عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ
ٱلْمُسْلِمِينَ ﴿١٥﴾ أُو۟لَٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ فِىٓ أَصْحَٰبِ
ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

*15*

*മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന് നാം മനുഷ്യരോടനുശാസിച്ചിരിക്കുന്നു. മാതാവ് അവനെ ക്ലേശം സഹിച്ചു ഗർഭം ചുമന്നു. നൊന്തു പ്രസവിച്ചു. ഗർഭ കാലവും മുലയൂട്ടലുമായി മുപ്പതു മാസം കഷ്ടപ്പെട്ടു. അങ്ങനെ അവൻ കരുത്തും കഴിവുമാർജിച്ച് നാൽപതു വയസ്സിലെത്തിയപ്പോൾ പ്രാർഥിക്കുകയായി: നാഥാ, എന്നിലും എന്റെ മാതാപിതാക്കളിലും നീ ചൊരിഞ്ഞ ഔദാര്യത്തിന് നന്ദിയുള്ളവനായിരിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങളനുഷ്ഠിക്കാനും എനിക്ക് ഉതവിയരുളേണമേ, എനിക്കു വേണ്ടി എന്റെ സന്തതികളിലും സൽക്കർമം വളർത്തേണമേ. ഞാൻ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു. ഞാൻ മുസ്ലിംകളിൽ -എല്ലാം നിനക്കു സമർപ്പിച്ചവരിൽ- പെട്ടവനാകുന്നു.*

*16*

*ഇത്തരം ആളുകളിൽനിന്നത്രെ നാം അവർ ചെയ്ത സുകൃതങ്ങൾ സ്വീകരിക്കുന്നതും തെറ്റുകുറ്റങ്ങൾ വിട്ടൊഴിവാക്കുന്നതും. തങ്ങൾക്ക് ലഭിച്ചിട്ടുണ്ടായിരുന്ന സത്യ വാഗ്ദാന പ്രകാരം സ്വർഗാവകാശികളിലുൾപ്പെടുന്നതും അവരാകുന്നു.*

| | |
|---|---|
| നാം മനുഷ്യനോട് ഉപദേശിച്ചു, അനുശാസിച്ചിരിക്കുന്നു | وَوَصَّيْنَا الْإِنسَانَ |
| അവന്റെ മാതാപിതാക്കളെ(ളോട്) കൊണ്ട് | بِوَالِدَيْهِ |
| നന്മ ചെയ്യ(ണമെന്ന്)ലിനെ | إِحْسَانًا |
| അവന്റെ മാതാവ് അവനെ ഗർഭം ചുമന്നു | حَمَلَتْهُ أُمُّهُ |
| ക്ലേശ(ം സഹിച്ചു)ത്താൽ | كُرْهًا |
| അവൾ അവനെ പ്രസവിച്ചു | وَوَضَعَتْهُ |
| ക്ലേശത്താൽ (നൊന്ത്) | كُرْهًا |
| ഗർഭവും മുലകുടി പിരിക്കലും (ഗർഭകാലവും മുലയൂട്ടലുമായി) | وَحَمْلُهُ وَفِصَالُهُ |
| മുപ്പതു മാസം (കഷ്ടപ്പെട്ടു) | ثَلَاثُونَ شَهْرًا |
| അവൻ ശക്തിപ്രാപിക്കുന്നതു വരെ (അങ്ങനെ അവൻ കരുത്തും കഴിവുമാർജിച്ച്) | حَتَّىٰ إِذَا بَلَغَ أَشُدَّهُ |
| നാൽപത് വയസ്സിലെത്തിയപ്പോൾ | وَبَلَغَ أَرْبَعِينَ سَنَةً |
| അവൻ പറഞ്ഞു (പ്രാർഥിക്കുകയായി) | قَالَ |
| നാഥാ, എനിക്കു നീ ഉതവിയരുളേണമേ | رَبِّ أَوْزِعْنِي |
| എന്റെ മേൽ നീ അനുഗ്രഹിച്ച (ചൊരിഞ്ഞ) ഔദാര്യങ്ങൾക്ക് ഞാൻ നന്ദിയുള്ളവനായിരിക്കാൻ | أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ |
| എന്റെ മാതാപിതാക്കളുടെ മേലും | وَعَلَىٰ وَالِدَيَّ |
| ഞാൻ നീ തൃപ്തിപ്പെടുന്ന സൽക്കർമമനുഷ്ഠിക്കാനും | وَأَنْ أَعْمَلَ صَالِحًا تَرْضَاهُ |
| എനിക്കു വേണ്ടി എന്റെ സന്തതികളിലും നീ സൽക്കർമമുണ്ടാക്കേണമേ (സൽക്കർമം വളർത്തേണമേ) | وَأَصْلِحْ لِي فِي ذُرِّيَّتِي |
| ഞാൻ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു | إِنِّي تُبْتُ إِلَيْكَ |
| ഞാൻ മുസ് ലിംകളിൽ -ആജ്ഞാനുവർത്തികളിൽ- (എല്ലാം നിനക്കു സമർപ്പിച്ചവരിൽ) പെട്ടവനാകുന്നു | وَإِنِّي مِنَ الْمُسْلِمِينَ |
| ഇത്തരം ആളുകളിൽനിന്നത്രെ നാം സ്വീകരിക്കുന്നത് | أُولَٰئِكَ الَّذِينَ نَتَقَبَّلُ عَنْهُمْ |
| അവർ ചെയ്ത ഏറ്റവും നല്ലത് (സുകൃതങ്ങൾ) | أَحْسَنَ مَا عَمِلُوا |
| അവരുടെ തിന്മകൾ (തെറ്റുകുറ്റങ്ങൾ) വിട്ടുവീഴ്ച ചെയ്യുന്ന (വിട്ടൊഴിവാക്കുന്നതും) | وَنَتَجَاوَزُ عَن سَيِّئَاتِهِمْ |
| സ്വർഗാവകാശികളിൽ (ഉൾപ്പെടുന്നതും അവരാകുന്നു) | فِي أَصْحَابِ الْجَنَّةِ |
| സത്യവാഗ്ദാനം (പ്രകാരം) ആയിട്ട് | وَعْدَ الصِّدْقِ |
| അവർ വാഗ്ദത്തം ചെയ്യപ്പെട്ടവരായിരുന്ന (അവർക്കു ലഭിച്ചിരുന്നതായ) | الَّذِي كَانُوا يُوعَدُونَ |

**ഗർഭകാലവും മുലയൂട്ടൽ കാലവുമായി രണ്ടു കൊല്ലം കഴിച്ചുകൂട്ടണം. ശിശുവിന്റെ മുലകുടി കാലവും മാതാവിനെ സംബന്ധിച്ചേടത്തോളം ക്ലേശത്തിന്റെയും ത്യാഗത്തിന്റെയും കാലമാണ്.**

മാതൃ-പിതൃ കേന്ദ്രീകൃതമായ കുടുംബ വ്യവസ്ഥയെയും മാതാപിതാക്കളോട് സ്വീകരിക്കുന്ന ശിഷ്ടവും ദുഷ്ടവുമായ സമീപനത്തെയും കുറിച്ചാണ് ഇനി ഏതാനും സൂക്തങ്ങൾ പറയുന്നത്. ഇതുവരെ പറഞ്ഞുവന്ന തൗഹീദ്, ഖുർആനിന്റെ ദൈവികത, പ്രവാചകത്വം തുടങ്ങിയ വിഷയങ്ങളുമായി ബന്ധമില്ലാത്ത ചർച്ചയാണിതെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. ദൈവിക സൂക്തങ്ങളും പ്രവാചകാധ്യാപനങ്ങളും സ്വാധീനിക്കുന്നത് എത്തരത്തിലുള്ള ആളുകളെയാണെന്നും അതിനോട് മുഖം തിരിക്കുന്നതാരാണെന്നും വ്യക്തമാക്കിയിരിക്കുകയാണീ സൂക്തങ്ങൾ. മുൻ സൂക്തങ്ങൾ പറഞ്ഞ അധർമികളായവരും -الذين ظلموا- സുകൃതരും -المحسنين- ആരാണെന്നും ഇതിലൂടെ വ്യക്തമാകുന്നു. ആ അർഥത്തിൽ മുൻ സൂക്തങ്ങളുമായി തികച്ചും ബന്ധപ്പെട്ടതു തന്നെയാണീ ചർച്ച.

ഉപദേശവും നിർദേശവും അനുശാസനവും വസ്യത്ത് ആണ്. അതിൽനിന്നുള്ള ക്രിയയാണ് وصّى. അനുശാസിച്ചിരിക്കുന്നു, കൽപിച്ചിരിക്കുന്നു എന്നാണ് ഇവിടെ വിവക്ഷ. حسن (നന്മ)ന്റെ സകർമക രൂപമാണ് احسان -നന്മ ചെയ്യൽ. എല്ലാ സൽക്കർമങ്ങളും احسان ആകുന്നു. മാതാപിതാക്കളെ സ്നേഹത്തോടെ പരിചരിക്കലും സംരക്ഷിക്കലും അനുസരിക്കലും ആദരിക്കലുമാണ് അവരോടുള്ള احسان. ദീനുൽ ഇസ്‌ലാം കൽപിക്കുന്ന മൗലിക ധർമങ്ങളിലൊന്നാണിത്. കുടുംബ വ്യവസ്ഥയുടെ അടിത്തറയാണ് മാതാപിതാക്കൾ. അവരിൽനിന്നാണ് കുടുംബവും സമുദായവും മാനവികതയും വികസിച്ചു വരുന്നത്. കുടുംബ ബന്ധത്തിന്റെ മാത്രമല്ല, സംസ്കാരത്തിന്റെയും ധർമത്തിന്റെയും സദാചാരത്തിന്റെയുമെല്ലാം പ്രാഥമിക സ്രോതസ്സും മാതാപിതാക്കളാണ്. നല്ല മാതാപിതാക്കളിൽനിന്ന് നല്ല കുടുംബം, നല്ല കുടുംബങ്ങളിൽനിന്ന് നല്ല സമുദായം, നല്ല സമുദായങ്ങളിൽനിന്ന് നല്ല ലോകം- അതാണ് സംസ്കാരത്തിന്റെ വികാസ ശ്രേണി.

ഒരു വ്യക്തി ജനിക്കുന്നതിനു മുമ്പ് അവന്റെ മാതാപിതാക്കൾ, വിശേഷിച്ചും മാതാവ് അവനെ ഈ ലോകത്തേക്ക് സ്വീകരിക്കാൻ സജ്ജരാക്കപ്പെടുന്നു. മാതാവ് പത്തുമാസത്തോളം ക്ലേശിതയായി സ്വന്തം ഉദരത്തിൽ ശിശുവിനെ വഹിക്കണം. പിന്നെ കഠിന ക്ലേശം സഹിച്ചു പ്രസവിക്കണം. حَمَلَتْهُ أُمُّهُ كُرْهًا وَوَضَعَتْهُ كُرْهًا -മാതാവ് അവനെ ക്ലേശിച്ച് ഗർഭം ചുമന്നു, അതിക്ലേശം സഹിച്ച് പ്രസവിച്ചു- എന്നാണ് മൂലവാക്യം. حَمَلَتْهُ أُمُّهُ وَهْنًا عَلَىٰ وَهْنٍ -മാതാവ് അവനെ അവശതക്കുമേൽ അവശത സഹിച്ച് ഗർഭം ചുമന്നു- എന്നാണ് 31:14-ൽ പറയുന്നത്. ഗർഭകാലവും മുലയൂട്ടൽ കാലവുമായി രണ്ടു കൊല്ലം കഴിച്ചുകൂട്ടണം. ശിശുവിന്റെ മുലകുടി കാലവും മാതാവിനെ സംബന്ധിച്ചേടത്തോളം ക്ലേശത്തിന്റെയും ത്യാഗത്തിന്റെയും കാലമാണ്. മുലകുടിക്കുന്ന കുട്ടിയെ മുലയൂട്ടിയാൽ മാത്രം പോരാ. അക്കാലത്ത് ശിശുവിന് യാതൊന്നും സ്വയം ചെയ്യാൻ കഴിയില്ല; കരയാനല്ലാതെ. കുട്ടിയുടെ നിലനിൽപിനും സുരക്ഷിതത്വത്തിനും എന്തൊക്കെ ചെയ്യേണ്ടതുണ്ടോ അതൊക്കെ മാതാവ് തന്നെ ചെയ്യണം.

ഇത്രയും ദീർഘിച്ച അവശ ശൈശവം മനുഷ്യന്നല്ലാതെ മറ്റൊരു ജീവിക്കും ഇല്ല. മറ്റു ജീവികളെല്ലാം ജനിച്ചുവീണ ഉടനെ അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസത്തിനകം ഓടിച്ചാടി നടക്കുന്നു. സ്തന്യപങ്ങളല്ലാത്ത ജീവികൾ ആഹാരം സ്വയം തേടിപ്പിടിക്കുന്നു. സ്തന്യപ ജീവികൾ മാതാവിന്റെ അകിടും മുലയും സ്വയം കണ്ടുപിടിച്ച് പാലുകുടിക്കുന്നു. കുറച്ചു നാൾ മുലകുടിച്ച് പിന്നെ മാതാപിതാക്കളെപ്പോലെ സ്വയം ആഹാരം തേടുന്നു. മനുഷ്യ ശിശുവാകട്ടെ മാതാവ് മുലക്കണ്ണ് വായിൽ വെച്ചുകൊടുത്തില്ലെങ്കിൽ വിശന്നു മരിക്കുകയേയുള്ളൂ. രണ്ടോ മൂന്നോ വർഷം മുലകുടി കഴിഞ്ഞ ശേഷവും അവന് സ്വയം ആഹാരം കണ്ടെത്താൻ കഴിയുന്നില്ല. പിന്നെയും പല വർഷങ്ങൾ മാതാപിതാക്കൾ തന്നെ ആഹാരം ഒരുക്കിക്കൊടുക്കണം.

ആലോചിച്ചു നോക്കുക: സൃഷ്ടികളിലേറ്റം ശ്രേഷ്ഠനും തിര്യക്കുകൾക്കില്ലാത്ത നിരവധി കഴിവുകൾകൊണ്ടും യോഗ്യതകൾകൊണ്ടും അനുഗൃഹീതനുമായ മനുഷ്യന് ഇത്ര ദീർഘമായ അവശ ശൈശവം വിധിക്കപ്പെട്ടതെന്തുകൊണ്ടാണ്?

നവജാത ശിശുവിന് നൽകാവുന്ന ഏറ്റം മികച്ച പോഷകാഹാരം മുലപ്പാലാണെന്ന കാര്യം പൂർവകാലത്തും ഇക്കാലത്തും തർക്കമറ്റ സത്യമാണ്. മുലപ്പാലിലൂടെ ശിശു മാതാവിൽനിന്ന് മുകരുന്നത് പോഷക ഘടകങ്ങൾ മാത്രമല്ല. സ്നേഹം, ദയ, കുടുംബ ബോധം, മാനുഷിക ബന്ധം, സംസ്കാരം തുടങ്ങിയ മഹിത ഗുണങ്ങൾ കൂടിയാണ്. ഇത് അവന്റെ പ്രകൃതിയായി ഉറക്കാൻ കാലമെടുക്കും. ആടു

**മുലപ്പാലിലൂടെ ശിശു മാതാവിൽ നിന്ന് മുകരുന്നത് പോഷക ഘടകങ്ങൾ മാത്രമല്ല. സ്നേഹം, ദയ, കുടുംബ ബോധം, മാനുഷിക ബന്ധം, സംസ്കാരം തുടങ്ങിയ മഹിത ഗുണങ്ങൾ കൂടിയാണ്. ഇത് അവന്റെ പ്രകൃതിയായി ഉറക്കാൻ കാലമെടുക്കും.**

> **തികച്ചും നിസ്സഹായവും അവശവുമായ ശൈശവ ദശയിൽ സ്നേഹവാത്സല്യങ്ങളോടെ പരിലാളിച്ച് പരിപാലിച്ചു വളർത്തിയ മാതാപിതാക്കളെ മനസ്സിലാക്കുകയും അവരോട് നന്ദിയും കൂറും പുലർത്തുകയും ചെയ്യുന്ന മക്കൾ ആ പ്രകൃതിയോടു കൂടിയ മാതാപിതാക്കളെ സൃഷ്ടിച്ചു തന്ന അല്ലാഹുവിനോട് കൂടുതൽ സ്നേഹവും നന്ദിയും വിധേയത്വവുമുള്ള വനാവാൻ പ്രേരിതനാകുന്നു.**

കളെയും കോഴികളെയും പോലെ ജനിച്ച ഉടനെ മാതാപിതാക്കളിൽനിന്നകന്ന് ഒറ്റപ്പെട്ടു ജീവിച്ചു തുടങ്ങിയിരുന്നുവെങ്കിൽ മനുഷ്യനും അവയെപ്പോലൊരു ജന്തു മാത്രമായി വളരുമായിരുന്നു. അതായത്, മാതാപിതാക്കളുടെ സ്നേഹ-വാത്സല്യ പരിലാളനത്തിലൂടെയും ജാഗ്രത്തായ പരിപാലനത്തിലൂടെയുമാണ് മനുഷ്യൻ മനുഷ്യത്വമുള്ളവനായി വളർന്നുവരുന്നത്. അല്ലാഹുവിനു ശേഷം മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ നിലനിൽപിനും വികാസത്തിനും ഏറ്റവുമധികം സംഭാവന ചെയ്തിട്ടുള്ളത് മാതാപിതാക്കളാണ്. അതുകൊണ്ടാണ് അല്ലാഹുവിനുള്ള ഇബാദത്തിന്റെ കൂടെയും ശിർക്ക് വിരോധിക്കുന്നതിനൊപ്പവും പലേടത്തും മാതാപിതാക്കളോട് സൽപെരുമാറ്റം അനുശാസിക്കുന്നത്. ഉദാഹരണം: **وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا** (തന്നെ മാത്രം ആരാധിക്കണമെന്നും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്നും നിന്റെ നാഥൻ വിധിച്ചിരിക്കുന്നു -17:23). **وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا عَلَىٰ وَهْنٍ** (മാതാപിതാക്കളോട് സ്നേഹത്തോടെ പെരുമാറണമെന്ന് നാം മനുഷ്യനോടനുശാസിച്ചിരിക്കുന്നു. മാതാവ് അവശതക്കുമേൽ അവശതയനുഭവിച്ചുകൊണ്ടാണവനെ ഗർഭം ചുമന്നത് -31:14). **وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حُسْنًا** (മാതാപിതാക്കളോട് നന്മയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോടനുശാസിച്ചിരിക്കുന്നു -29: 8).

ഒരു വ്യക്തിയുടെ സൽപെരുമാറ്റം അർഹിക്കുന്ന പ്രഥമരും പ്രധാനികളുമാണ് മാതാപിതാക്കൾ. ആ ആദ്യ സ്രോതസ്സിൽനിന്ന് നുകർന്നെടുക്കുന്ന സ്നേഹവും സൽപെരുമാറ്റവും മറ്റു കുടുംബാംഗങ്ങളിലേക്കും പിന്നെ അയൽക്കാരിലേക്കും സഹജീവികളിലേക്കും പൊതുസമൂഹത്തിലേക്കും പരന്നൊഴുകേണ്ടതുണ്ട്. 4:36-ൽ അത് ഇപ്രകാരം വിശദമാക്കിയിരിക്കുന്നു: **وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا ۖ وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَىٰ وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنبِ وَابْنِ السَّبِيلِ وَمَا مَلَكَتْ أَيْمَانُكُمْ ۗ إِنَّ اللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا فَخُورًا** (അല്ലാഹുവിന് ഇബാദത്തു ചെയ്യുവിൻ, യാതൊന്നിനെയും അവന്റെ പങ്കാളികളായി കൽപിക്കാതിരിക്കുവിൻ. മാതാപിതാക്കളോട് നന്നായി പെരുമാറുവിൻ. മറ്റു ബന്ധുക്കളോടും അനാഥരോടും അഗതികളോടും നല്ല നിലയിൽ വർത്തിക്കുവിൻ. ബന്ധുക്കളായ അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനത്തിലുള്ള ദാസി-ദാസന്മാരോടും നന്നായി വർത്തിക്കുവിൻ. അഹന്തയിൽ വഞ്ചിതരായി നിഗളിക്കുന്ന ആരെയും അല്ലാഹു ഒട്ടും സ്നേഹിക്കുന്നില്ല). മാതാപിതാക്കളോടുള്ള സൽപെരുമാറ്റത്തിന് സുപ്രധാനമായ മറ്റൊരു മാനവും കൂടിയുണ്ട്. തികച്ചും നിസ്സഹായവും അവശവുമായ ശൈശവ ദശയിൽ സ്നേഹവാത്സല്യങ്ങളോടെ പരിലാളിച്ച് പരിപാലിച്ചു വളർത്തിയ മാതാപിതാക്കളെ മനസ്സിലാക്കുകയും അവരോട് നന്ദിയും കൂറും പുലർത്തുകയും ചെയ്യുന്ന മക്കൾ ആ പ്രകൃതിയോടു കൂടിയ മാതാപിതാക്കളെ സൃഷ്ടിച്ചു തന്ന അല്ലാഹുവിനോട് കൂടുതൽ സ്നേഹവും നന്ദിയും വിധേയത്വവുമുള്ളവനാവാൻ പ്രേരിതനാകുന്നു എന്നതാണത്.

ഇസ്‌ലാമിക ശരീഅത്തിൽ മാതാപിതാക്കളോട് സ്നേഹവും സൽപെരുമാറ്റവും ശ്രേഷ്ഠചര്യയാകുന്നു. അവരെ ദ്രോഹിക്കുന്നത് വൻപാപങ്ങളിൽ -كبائر الإثم -പെട്ടതുമാകുന്നു. മരിച്ച ശേഷവും പുണ്യം ലഭിച്ചുകൊണ്ടിരിക്കുന്ന സൽക്കർമങ്ങളാകുന്നു സൽസന്തതികൾ. മാതാപിതാക്കളെ ദ്രോഹിക്കുന്നത് മഹാപാപമാണെന്ന് നബി (സ) പ്രസ്താവിച്ചതായി ഇമാം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു. അബൂ ദാവൂദും ഇബ്നു മാജയും ഇബ്നു ഹിബ്ബാനും അബീ ഉസൈദ് മാലികിൽനിന്നുദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ''ഞങ്ങൾ പ്രവാചക സന്നിധിയിൽ ഇരിക്കെ സലിമ വംശജനായ ഒരാൾ വന്ന് നബി(സ)യോട് ചോദിച്ചു: തിരുദൂതരേ, എന്റെ മാതാപിതാക്കൾ മരിച്ച ശേഷം ഞാൻ അവരോട് ചെയ്യേണ്ട വല്ല ധർമവും അവശേഷിക്കുന്നുണ്ടോ? നബി പറഞ്ഞു: ഉണ്ട്, അവർക്കു വേണ്ടി മയ്യിത്ത് നമസ്കരിക്കുക. അവരുടെ പാപമോചനമർഥിക്കുക -الاستغفار. അവർക്കു ശേഷം, അവർ ജീവിതത്തിൽ ചെയ്തിട്ടുണ്ടായിരുന്ന കരാറുകൾ പാലിക്കുക, അവരിലൂടെ മാത്രം നിലനിർത്തപ്പെട്ടിരുന്ന കുടുംബമൈത്രി നിലനിർത്തുക. അവരുടെ സുഹൃത്തുക്കളായിരുന്നവരെ ആദരിക്കുക''. ഈ ധർമങ്ങൾ പാലിക്കുന്നതിലൂടെയാണ് മരണാനന്തരം മക്കളിലൂടെ മാതാപിതാക്കൾക്ക് പുണ്യം ലഭിച്ചുകൊണ്ടിരിക്കുക. ബുഖാരിയും മുസ് ലിമും ഉദ്ധരിച്ച മറ്റൊരു നിവേദനത്തി

ൽ പറയുന്നു: "ഒരാൾ നബിയോട് ചോദിച്ചു: തിരുദൂതരേ, എന്റെ സത്സമ്പർക്കം ഏറ്റം അർഹിക്കുന്ന മനുഷ്യരാരാണ്? പ്രവാചകൻ: നിന്റെ മാതാവ്. അയാൾ രണ്ടാമതും മൂന്നാമതും പിന്നെ ആരാണെന്നു ചോദിച്ചപ്പോഴും നബി (സ) മാതാവ് എന്നു തന്നെ പറഞ്ഞു. നാലാമതും പിന്നെ ആരാണെന്നു ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞു: പിന്നെ നിന്റെ പിതാവ്." മാതാവ് മക്കളുടെ സ്നേഹവും സേവനവും പിതാവിനെക്കാൾ മൂന്നിരട്ടി അധികമർഹിക്കുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. ക്ലേശകരമായ ഗർഭധാരണവും പ്രസവവും മുലയൂട്ടലും മാതാവിന്റെ മാത്രം സേവനമാണല്ലോ. അതാണ് പ്രവാചകൻ സൂചിപ്പിക്കുന്ന, മക്കളുടെ സ്നേഹത്തിലും പരിചരണത്തിലുമുള്ള മാതാവിന്റെ അധികാരാവകാശത്തിനാധാരം എന്ന് പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു.

ഗർഭവും മുലകുടിയും 30 മാസം എന്നു പറഞ്ഞത് ആ ദശയുടെ ഏറ്റം ചെറിയകാലയളവാണ്. സാധാരണ ഗതിയിൽ ഒമ്പതു മാസവും പത്തുദിവസവുമാണ് ഗർഭകാലം. രണ്ടര വർഷം മുലയൂട്ടലും. ഗർഭകാലം മനഃപൂർവം കൂട്ടാനും കുറക്കാനും കഴിയില്ല. മുലകുടികാലം മാതാപിതാക്കൾക്ക് കൂട്ടാനും കുറക്കാനും കഴിയും. ആവശ്യമെങ്കിൽ അങ്ങനെ ചെയ്യുന്നതിന് വിരോധമില്ല. ഖുർആൻ പരാമർശിച്ചത് സാധാരണ മുലകുടികാലമാണ്. എന്നാൽ, ഗർഭകാലം അതിന്റെ ഏറ്റം കുറഞ്ഞ അളവിലാണ് പറഞ്ഞിരിക്കുന്നത്. ആറു മാസത്തെ ഗർഭവും 2 വർഷത്തെ മുലയൂട്ടലും. ഇസ്ലാമിക പണ്ഡിതന്മാർ ഇതിൽനിന്ന് ഗൗരവമുള്ള ഒരു നിയമം നിർധാരണം ചെയ്തിരിക്കുന്നു. തികഞ്ഞ മുലകുടികാലം 2 വർഷമാണെന്ന് ഖുർആൻ 2:233-ൽ പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ ഗർഭവും മുലയൂട്ടലും കൂടി 30 മാസം എന്നും പറയുന്നു. 30 മാസത്തിൽനിന്ന് രണ്ടു വർഷം (24 മാസം) കിഴിച്ചാൽ ബാക്കി വരുന്ന 6 മാസമാണ് ചുരുങ്ങിയ ഗർഭകാലം. ഒരു സ്ത്രീ വിവാഹിതയായി ആറുമാസം കഴിഞ്ഞ് പ്രസവിച്ചാൽ ആ കുട്ടിയുടെ പിതാവ് അവളുടെ ഭർത്താവ് തന്നെയായിരിക്കും. ഉസ്മാൻ(റ) യുടെ കാലത്ത് ഇങ്ങനെ ഒരു കേസുണ്ടായി: ഒരു പുരുഷൻ ജുഹൈന ഗോത്രത്തിൽനിന്ന് ഒരു യുവതിയെ വിവാഹം ചെയ്തു. ആറു മാസം കഴിഞ്ഞപ്പോൾ അവൾ തികഞ്ഞ ശിശുവിനെ പ്രസവിച്ചു. ഭർത്താവ് ഖലീഫാ ഉസ്മാന്റെ മുമ്പിൽ പരാതി സമർപ്പിച്ചു. ഉസ്മാൻ (റ) സ്ത്രീയെ വിളിച്ചു വരുത്തി. ഖലീഫയുടെ മുന്നിലേക്ക് പുറപ്പെടാൻ വസ്ത്രമണിയുമ്പോൾ ആ യുവതിയുടെ സഹോദരി പൊട്ടിക്കരയാൻ തുടങ്ങി. സഹോദരിക്ക് നിരപരാധിത്വം സ്ഥാപിക്കാൻ സാക്ഷികളെയോ തെളിവുകളോ ഹാജരാക്കാനാവില്ലല്ലോ. അതുകൊണ്ട് ശിക്ഷിക്കപ്പെടുമെന്നുറപ്പിച്ചുകൊണ്ടായിരുന്നു അവളുടെ വിലാപം. ആ യുവതി സഹോദരിയോട് പറഞ്ഞു: "നീയെന്തിനു കരയുന്നു? അല്ലാഹുവാണ, അല്ലാഹുവിന്റെ സൃഷ്ടികളിൽ അയാളല്ലാതെ ഒരാളും എന്നെ ഒരിക്കലും സംശയിച്ചിട്ടില്ല. എന്റെ കാര്യത്തിൽ അല്ലാഹു അവനിഛിക്കുന്നത് വിധിക്കട്ടെ." ഉസ്മാൻ ആ യുവതിയെ കല്ലെറിയാൻ വിധിച്ചു. വിവരമറിഞ്ഞ അലി (റ) ഉസ്മാനോട് ചോദിച്ചു: താങ്കളെന്താണ് ചെയ്തത്? ഉസ്മാൻ: ആറു മാസം പൂർത്തിയായപ്പോൾ തന്നെ അവൾ പ്രസവിച്ചിരിക്കുന്നുവല്ലോ. അതു സംഭവ്യമാണോ? അലി: 'ഗർഭവും മുലകുടിയും 30 മാസമാണെന്നും മുലകുടി തികഞ്ഞ രണ്ടുവർഷമാണെന്നും അല്ലാഹു പറയുന്നത് താങ്കൾ കേട്ടിട്ടില്ലേ?' അലീ, ഞാൻ അത് മനസ്സിലാക്കിയിരുന്നില്ല.' അദ്ദേഹം തന്റെ വിധി റദ്ദാക്കി. പൂർണമായ മുലകുടി കാലമായി 2 വർഷമാണ് ഖുർആൻ നിർദേശിക്കുന്നതെങ്കിലും ഗർഭകാലം ആറു മാസത്തിൽ കൂടിയാൽ കൂടിയ കാലം മുലകുടികാലത്തിൽ കുറക്കാവുന്നതാണെന്ന് ഇബ്നു അബ്ബാസ് അഭിപ്രായപ്പെട്ടതായി ഇബ്നു അബീ ഹാതിം ഉദ്ധരിച്ചിരിക്കുന്നു.

മുലകുടികാലം അവസാനിച്ചാലും മക്കളോടുള്ള മാതാപിതാക്കളുടെ സ്നേഹവാത്സല്യവും സശ്രദ്ധമായ പരിചരണവും അവസാനിക്കുന്നില്ല. മനസ്സും ശരീരവും ദൃഢമാകുന്നതുവരെ മക്കൾക്ക് മാതാപിതാക്കളുടെ സംരക്ഷണം വേണം. حَتَّىٰ إِذَا بَلَغَ أَشُدَّهُ എന്ന മൂലവാക്കിന്റെ ആശയം, ശാരീരികവും മാനസികവുമായ കരുത്ത് കൈവരിക്കുന്നതു വരെ എന്നാണ്. സമാനമായ പ്രയോഗം നേരത്തെ 6:152-ലും 17:34-ലും വന്നിട്ടുണ്ട്. അർഥം 6:152-നു താഴെ ഖുർആൻ ബോധനം വ്യക്തമാക്കിയിരിക്കുന്നു. സ്ത്രീ-പുരുഷന്മാർ പ്രത്യുൽപാദനശേഷി കൈവരിക്കുന്നതോടെ പ്രായപൂർത്തിയാകുന്നു. അതുകൊണ്ടുമാത്രം ശാരീരിക വളർച്ചയും

**മുലകുടികാലം അവസാനിച്ചാലും മക്കളോടുള്ള മാതാപിതാക്കളുടെ സ്നേഹവാത്സല്യവും സശ്രദ്ധമായ പരിചരണവും അവസാനിക്കുന്നില്ല. മനസ്സും ശരീരവും ദൃഢമാകുന്നതുവരെ മക്കൾക്ക് മാതാപിതാക്കളുടെ സംരക്ഷണം വേണം.**

ശേഷിയും, മാനസികമായ ദൃഢതയും കാര്യബോധവും, വിവേകവും പക്വതയും -اشدّ- ആർജിക്കണമെന്നില്ല. اشدّ-ന് നിശ്ചിത പ്രായപരിധിയില്ല. ചിലർ ബാല്യകാലത്തു തന്നെ നല്ല കാര്യബോധവും പക്വതയും അഭിപ്രായ സുബദ്ധതയും ആർജിക്കുന്നു. ചിലർക്ക് ബാല്യവും കൗമാരവും പിന്നിട്ട് യൗവനത്തിലെത്തുമ്പോഴാണ് ഈ ഗുണങ്ങളൊക്കെ തിടം വെക്കുക. ചിലരാകട്ടെ യൗവനം പ്രാപിച്ച് നാൽപതിലെത്തിയാലാണ് കരുത്തും കാര്യശേഷിയുമുള്ളവരാവുക. حتّى അറ്റത്തെയും اذا അറ്റത്തിനു ശേഷമുണ്ടാകുന്നതിനെയും കുറിക്കുന്ന പദങ്ങളാണ്. കഴിവും കരുത്തും നേടിയിട്ട് നാൽപതിലെത്തുമ്പോൾ എന്നു സാരം. പക്വതയും പാകതയുമാർജിക്കാനുള്ള അവസാന പ്രായമാണ് 40 എന്ന് ഫുഖഹാക്കൾ ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നു. നാൽപതായിട്ടും ഒരാൾക്ക് പക്വതയും കാര്യശേഷിയും വന്നില്ലെങ്കിൽ പിന്നെ അയാൾക്കതുണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ട. പക്വതയും കാര്യശേഷിയും ധിഷണാശക്തിയുമൊക്കെ പൂർണത പ്രാപിക്കുന്ന പ്രായമാണതെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ദൈവദൂതന്മാർക്ക് പ്രവാചകത്വം നൽകപ്പെടുക 40 വയസ്സ് തികയുമ്പോഴാണെന്നു പറയപ്പെടുന്നു. പ്രവാചകത്വം ഏറ്റെടുക്കാനുള്ള പക്വതയും പാകതയും അപ്പോഴേ തികയുകയുള്ളൂ എന്നതാണത്രെ കാരണം. ഈസാ നബിയും യഹ്‌യാ നബിയും മാത്രമാണ് ഇതിനപവാദം. അവരിരുവർക്കും ബാല്യത്തിലേ നുബുവ്വത്ത് ലഭിച്ചതായി ഖുർആൻ പറയുന്നുണ്ട്.

**ദൈവദൂതന്മാർക്ക് പ്രവാചകത്വം നൽകപ്പെടുക 40 വയസ്സ് തികയുമ്പോഴാണെന്നു പറയപ്പെടുന്നു. പ്രവാചകത്വം ഏറ്റെടുക്കാനുള്ള പക്വതയും പാകതയും അപ്പോഴേ തികയുകയുള്ളൂ എന്നതാണത്രെ കാരണം. ഈസാ നബിയും യഹ്‌യാ നബിയും മാത്രമാണ് ഇതിനപവാദം.**

قَالَ رَبِّ ....... مِنَ الْمُسْلِمِينَ വചനം തനിക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള പ്രാർഥനയാണ്. നാൽപതു വയസ്സായാലേ ഇങ്ങനെ പ്രാർഥിക്കേണ്ടതുള്ളൂ എന്നോ നാൽപതായാൽ പ്രാർഥിക്കേണ്ടത് നിർബന്ധമാണെന്നോ ഇല്ല. നാൽപതിന്റെ പക്വതയും പാകതയും ഇങ്ങനെ പ്രാർഥിക്കാൻ പ്രേരിപ്പിക്കുന്നു എന്നാണ് താൽപര്യം. നാൽപതിനു മുമ്പേ പക്വതയും പാകതയും പ്രാപിക്കുകയാണെങ്കിൽ അവർ അപ്പോൾ മുതൽ ഇപ്രകാരം പ്രാർഥിച്ചുകൊണ്ടിരിക്കും. أَوْزِعْنِي-യുടെ അർഥം 27:19 സൂക്തത്തിനു താഴെ വിശദമാക്കിയിട്ടുണ്ട്. എനിക്ക് ഉതവിയരുളേണമേ, പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണമേ എന്നാണ് ഇവിടെ ഉദ്ദേശ്യം. എനിക്കു നൽകിയ ഔദാര്യത്തിനു പുറമെ മാതാപിതാക്കൾക്കു നൽകിയ ഔദാര്യങ്ങൾക്കും നിന്നോട് നന്ദി പ്രകടിപ്പിക്കാൻ എനിക്കുതവിയരുളേണമേ എന്ന പ്രാർഥനയിൽ, മാതാപിതാക്കളോടുള്ള സ്നേഹാതിരേകത്തിനു പുറമെ മാതാപിതാക്കൾക്ക് അല്ലാഹു നൽകിയ ഔദാര്യങ്ങൾ വാസ്തവത്തിൽ തനിക്കു കൂടിയുള്ളതാണെന്ന ധ്വനിയും ഉൾക്കൊള്ളുന്നു.

മക്കളെ നല്ലവരാക്കേണമേ എന്ന ആശയത്തിന് واصلح اولادي എന്നു മതിയാകുമായിരുന്നു. നേർ മക്കൾക്കു പുറമെ പിൻതലമുറകളെക്കൂടി ഉൾക്കൊള്ളുന്നതാണ് ذرّيّة. എനിക്കു വേണ്ടി നന്നാക്കേണമേ -واصلح لي- എന്ന പ്രയോഗം, അവരുടെ സംസ്കരണവും സുകൃതവും എനിക്ക് ഗുണകരമാകേണമേ എന്ന ആശയത്തെക്കൂടി ഉൾക്കൊള്ളുന്നു.

ഇങ്ങനെ നേരിട്ടരുളിയതും മാതാപിതാക്കൾ മുഖേന അരുളിയതുമായ ഔദാര്യങ്ങൾ മാനിച്ച് അല്ലാഹുവിനോട് നന്ദിയും കൂറുമുള്ള ദാസനായിരിക്കാനും, തദനുസാരമുള്ള സൽക്കർമങ്ങളാചരിക്കാനും ഉതവിയരുളേണമേ എന്നും, തന്റെ പിന്മുറക്കാരെ സച്ചരിതരാക്കേണമേ എന്നും പ്രാർഥിച്ചുകൊണ്ടും, തങ്ങളിൽ വന്നുപോയ തെറ്റുകുറ്റങ്ങളിൽ അല്ലാഹുവിന്റെ മുമ്പിൽ പശ്ചാത്തപിച്ചുകൊണ്ടും അവന് സർവം സമർപ്പിക്കുന്നവരിൽനിന്നുള്ള സുകൃതങ്ങളെല്ലാം അല്ലാഹു സ്വീകരിക്കുകയും തെറ്റുകുറ്റങ്ങളെല്ലാം വിട്ടൊഴിവാക്കിക്കൊടുക്കുകയും ചെയ്യുന്നു. അവരാണ് അല്ലാഹു നൽകിയിട്ടുണ്ടായിരുന്ന സത്യവാഗ്ദാന പ്രകാരം സ്വർഗം പൂകുന്നവർ.

ഈ സൂക്തങ്ങളിലെ പ്രമേയം നേരത്തെ 17:23-28, 31:14-15 സൂക്തങ്ങളിലും അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

ഒരാളിൽ നിന്ന് സ്വീകരിക്കുന്നതിന് يتقبل منه എന്നാണ് സാധാരണ പ്രയോഗം. ഇവിടെ نَتَقَبَّلُ عَنْهُ എന്നു പ്രയോഗിക്കുന്നത് ഇതേ അർഥത്തിൽ തന്നെയാണ്. ഇവിടെ മക്കൾ പ്രാർഥിക്കുന്നത് മാതാപിതാക്കൾക്കും പിന്മുറക്കാർക്കും പകരമായിട്ടു കൂടിയാണല്ലോ. نَتَقَبَّلُ عَنْهُمْ എന്ന പ്രയോഗം മാതാപിതാക്കളുടെയും സന്തതികളുടെയും പ്രാർഥനക്കു പകരമായും അല്ലാഹു ഈ മക്കളുടെ പ്രാർഥന സ്വീകരിക്കുന്നു എന്ന അർഥം ഉൽപാദിപ്പിക്കുന്നു. ●